പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 426

27/06/2014-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിന്റെ പച്ചക്കറി വിപണനം

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) പച്ചക്കറി വിപണിയിൽ ഹോർട്ടികോർപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

എ) ഇടനിലക്കാരെ ഒഴിവാക്കി കേരളത്തിലെ കർഷകർ, കർഷകസംഘങ്ങൾ എന്നിവർ ഉല്പാദിപ്പിക്കുന്ന പഴം- പച്ചക്കറികൾക്ക് ന്യായവില നൽകി നേരിട്ട് സംഭരിച്ച് മിതമായ നിരക്കിൽ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ റസിഡന്‍ഷ്യൽ ഏരിയകളിലും തിരുവനന്തപുരം സിറ്റിയുടെ പ്രധാനഭാഗങ്ങളിലും സഞ്ചരിക്കുന്ന വില്പനശാലകളിലൂടെയും പഴം- പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, ഇടുക്കി ജില്ലയിലെ മൂന്നാർ എന്നിവിടങ്ങളിൽ ജില്ലാ സംഭരണ-വിതരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മൂന്നാറിൽ സ്ട്രോബറി സംസ്കരണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ആനയറയിൽ പ്രവർത്തിക്കുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിനു പുറമേ നെയ്യാറ്റിൻകരയിലും പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ചടയമംഗലത്തും സംഭരണ വിതരണ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ജൈവവളങ്ങൾ മാത്രം ഉപയോഗിച്ച് കൃഷി ചെയ്യുന്ന വിഷ വിമുക്ത പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് 'safe to

eat' എന്ന പേരിൽ ഹോർട്ടികോർപ്പിന്റെ പഴവങ്ങാടിയിലുള്ള സസ്യാ സൂപ്പർമാർക്കറ്റിലൂടെ വിപണനം നടത്തി വരുന്നു.

വിപണിയിൽ പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിലും ഓണം ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിലും ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തുകയും സർക്കാർ നിർദ്ദേശിക്കുന്ന സബ്സിഡിയോടെ പഴം-പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു.

**"കാർഷിക ഉല്പാദനക്ഷമതയ്ക്ക് തേനീച്ച വളർത്തൽ"** എന്ന പദ്ധതിയും ഹോർട്ടികോർപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ തേനീച്ച വളർത്തലിൽ സൗജന്യ പരിശീലനവും, പരിശീലനം ലഭിച്ച കർഷകർക്ക് 50% സബ്സിഡി വ്യവസ്ഥയിൽ തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ പരിശീലനകേന്ദ്രം മാവേലിക്കരയിൽ പ്രവർത്തിച്ചു വരുന്നു.

കൂടാതെ ഗുണമേന്മയേറിയ നടീൽ വസ്തുക്കളുടെ വിപണനവും ഹോർട്ടികോർപ്പ് നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ പച്ചക്കറിക്ക് പൊതു വിപണിയേക്കാൾ അധിക വില ഉപഭോക്താക്കൾക്ക് നൽകേണ്ടി വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച കാരണം വ്യക്തമാക്കാമോ; | ബി) | ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ പച്ചക്കറികൾ മാർക്കറ്റ് വിലയെക്കാൾ വില കുറച്ചാണ് വില്ക്കുന്നത്. എന്നാൽ ചില ഫ്രാഞ്ചൈസി സ്റ്റാളുകളിൽ മാർക്കറ്റ് വിലയേക്കാൾ വില കൂട്ടി വിൽക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | സ്റ്റാളുകളിലേക്ക് പച്ചക്കറി എത്തിക്കുന്നതിന് ഹോർട്ടികോർപ്പ് ട്രക്കുകൾ വാങ്ങിയിരുന്നുവോ; ഇവ ഇപ്പോൾ ഏതെല്ലാം പ്രദേശങ്ങളിലാണ് സേവനം നടത്തുന്നതെന്ന് അറിയിക്കാമോ? | സി) | സ്റ്റാളുകളിലേയ്ക്ക് പച്ചക്കറി എത്തിക്കുന്നതിനായി ഹോർട്ടികോർപ്പ് ട്രക്കുകൾ വാങ്ങിയിട്ടുണ്ട്. അത് തിരുവനന്തപുരം നഗരത്തിലെ പ്രാന്ത പ്രദേശങ്ങളിൽ പച്ചക്കറി വിതരണം ചെയ്യാനാണ് പ്രധാനമായും ഉപയോഗിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ